## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2413** **07.02.2019-ൽ മറുപടിക്ക്**

### കാസർഗോഡ് സ്പിന്നിംഗ് മിൽ

| ചോദ്യം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് സ്പിന്നിംഗ് മിൽ എപ്പോഴാണ് സ്ഥാപിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) 2010-11 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ വന്ന പ്രോജക്ടാണ് കാസർഗോഡുള്ള ഉദുമാ ടെക്സ്റ്റൈൽ മിൽ. പ്രസ്തുത മില്ലിന്റെ ഉദ്ഘാടനം 2011 ജനുവരി 28 നാണ് നടന്നത്. |
| (ബി) ഇതിന്റെ പ്രവർത്തനം ഇടയ്ക്ക് മുടങ്ങിയിരുന്നോ; എങ്കിൽ കാരണമെന്തായിരുന്നുവെന്നും എത്ര വർഷക്കാലം പ്രവർത്തനരഹിതമായിരുന്നുവെന്നും വ്യക്തമാക്കാമോ; | (ബി) 2011 ലെ റിക്രൂട്ട്മെന്റ് കഴിഞ്ഞ സർക്കാർ റദ്ദ് ചെയ്തതും കോസ്റ്റ് ഓവർറൺ മൂലം ഉണ്ടായ അധിക പ്രവർത്തന മൂലധനത്തിന്റെ അഭാവവും കാരണം ഉദുമാ ടെക്സ്റ്റൈൽ മില്ലിന്റെ പ്രവർത്തനം ഫെബ്രുവരി 2018 വരെ മുടങ്ങിയിരുന്നു. |
| (സി) ഇതിന്റെ മൂലധനം എത്രയാണെന്നും ഇതുവരെയുള്ള ലാഭ-നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ; കുറേക്കാലം പ്രവർത്തനരഹിതമായിരുന്ന ശേഷം വീണ്ടും പ്രവർത്തനം തുടങ്ങിയത് എപ്പോഴാണെന്നും അതിനുള്ള ഫണ്ട് ലഭ്യമായത് എങ്ങിനെയാണെന്നും വ്യക്തമാക്കാമോ; | (സി) ഉദുമാ ടെക്സ്റ്റൈൽ മില്ലിന്റെ മൂലധനം 29.64 കോടി രൂപയാണ്. പ്രസ്തുത മില്ലിന്റെ പ്രവർത്തനം പുനരാരംഭിച്ചത് 29.10.2018 മുതലാണ്. ട്രയൽ പ്രൊഡക്ഷനാണ് ആരംഭിച്ചിട്ടുള്ളത് എന്നതിനാൽ ലാഭനഷ്ടം കണക്കാക്കിയിട്ടില്ല.<br><br>18.11.2017 തീയതിയിലെ ജി.ഒ(ആർ.റ്റി) നം. 1579/2017/വ്യവ നമ്പർ സർക്കാർ ഉത്തരവു പ്രകാരം, കാസർഗോഡ് ഡെവലപ്പ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി ഉദുമാ ടെക്സ്റ്റൈൽ മില്ലിന് 942.92 ലക്ഷം രൂപ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ വഴി വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ സ്പിന്നിംഗ് മില്ലിൽ ഉൽപ്പാദിപ്പിക്കുന്നവ എന്തൊക്കെയാണെന്നും ഇവയുടെ മാർക്കറ്റിംഗ് സംവിധാനം എങ്ങിനെയാണെന്നും വെളിപ്പെടുത്താമോ; | (ഡി) | ഉദുമാ ടെക്സ്റ്റൈൽ മില്ലിൽ 40 കൗണ്ട് നൂലാണ് നിലവിൽ ഉൽപാദിപ്പിക്കുന്നത്. കേരളത്തിനു പുറത്ത് ഓപ്പൺ യാൺ മാർക്കറ്റിലാണ് ഈ മില്ലിന്റെ നൂൽ ഇപ്പോൾ വിൽക്കുന്നത്. |
| (ഇ) | ഇവിടെ ഇപ്പോൾ എത്ര ജീവനക്കാരുണ്ടെന്നും സ്ഥാപനം ലാഭകരമാണോ എന്നും വ്യക്തമാക്കാമോ? | (ഇ) | ഉദുമാ ടെക്സ്റ്റൈൽ മില്ലിൽ ഇപ്പോൾ 87 ജീവനക്കാരാണുള്ളത്. മില്ലിൽ ട്രയൽ പ്രൊഡക്ഷനാണ് ആരംഭിച്ചിട്ടുള്ളത്. കൊമേർഷ്യൽ പ്രൊഡക്ഷൻ ആരംഭിച്ച് കഴിഞ്ഞാൽ പ്രസ്തുത മിൽ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ